പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 718 — 02.12.2015-ൽ മറുപടിക്ക്

## ആരോഗ്യ കേരളം പരിപാടിയുടെ പരിശീലന പരിപാടിയിൽ അനുവദനീയമായ ബത്ത നൽകാത്തത്

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ :

(എ) ആരോഗ്യ കേരളം പരിപാടിയുടെ ഭാഗമായി 2009 ൽ കോട്ടയം ജില്ലയിൽ മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ അനവധി ആരോഗ്യ വകുപ്പ് ജീവന ക്കാർക്ക് വേണ്ടി നടത്തിയ ത്രിദിന H.M.I.S. പരിശീലന പരിപാടിയിൽ പങ്കെടുത്ത ആർക്കും അനുവദനീയമായ ബത്ത നൽകാത്തത് പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുത്തവർ പല സ്ഥല ങ്ങളിലേക്ക് സ്ഥലം മാറിപോയതു മൂലമാണ് എന്ന ആരോഗ്യ വകുപ്പിന്റെ വിശദീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ട്രെയിനിംഗിൽ ബത്ത നൽകാതെ ആയത് സ്വീകരിച്ചതായി ട്രെയിനികളെകൊണ്ട് ഒപ്പു വച്ച് വാങ്ങിയ തായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) കോട്ടയം ജില്ലയിൽ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് വേണ്ടി ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എച്ച്.എം.ഐ.എസ്) പരിശീലന പരിപാടി നടത്തിയത് HISP INDIA -യാണ്. അതിനാൽ ട്രെയിനിംഗിൽ ജീവനക്കാരുടെ രേഖകളും വൗച്ചറുകളും വാങ്ങി സൂക്ഷിച്ചത് HISP INDIA യിലെ ജീവനക്കാരാണ്. 24.04.2013 -ൽ ചേർന്ന കോട്ടയം ജില്ലാ നിർവ്വാഹക സമിതി യോഗത്തിന്റെ തീരുമാനപ്രകാരം പ്രസ്തുത ട്രെയിനിംഗിന്റെ എല്ലാ കാര്യങ്ങളും ഏൽപ്പി ച്ചിരുന്നത് HISP INDIA -യെ ആയിരുന്നതു കൊണ്ട് എൻ.എച്ച്.എം. ഫണ്ടിൽ നിന്ന് ടി തുക നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത ട്രെയിനിംഗിൽ ബത്ത നൽകാതെ, ആയത് സ്വീകരിച്ചതായി ട്രെയിനികളെ കൊണ്ട് ഒപ്പുവച്ച് വാങ്ങിയതായി പരാതി ഒന്നും ലഭിച്ചിട്ടില്ല എന്ന് ട്രെയിനിംഗ് നടത്തിയ കോട്ടയം ജില്ലയിലെ എൻ.എച്ച്.എം. പ്രോഗ്രാം മാനേജർ അറിയി ച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് പരാതികളൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ